ഭരണനിർവ്വഹണത്തിന് പ്രോജക്ട് ഓഫീസറും അനുബന്ധ തസ്തികകളും നിലവിലുണ്ട്.

(സി) ഗ്രാമവികസന ഏജൻസികൾ അനുഷ്ഠിച്ചിരുന്ന കർത്തവ്യങ്ങൾ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

24 (420) ഡി.ആർ.ഡി.എ.യിലെ ഉദ്യോഗസ്ഥനെതിരെ നടപടി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഡി.ആർ.ഡി.എ.യിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതുകുളം ബ്ലോക്ക് വഴി ആവശ്യപ്പെട്ട ഫ്ളഡ് റിലീഫ് വർക്കുകൾക്ക് ആവശ്യമായ നടപടിക്രമങ്ങൾ നടത്താതെ കഴിഞ്ഞ മൂന്നാഴ്ചക്കാലം തടഞ്ഞുവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കായംകുളം എം.എൽ.എ. നൽകിയ നിവേദനത്തെപ്പറ്റി അന്വേഷിക്കുന്നുണ്ടോ;

(സി) ഈ ഉദ്യോഗസ്ഥനെ ആലപ്പുഴ ഡി.ആർ.ഡി.എയിൽ നിന്നു മാറ്റി മറ്റൊരാളെ പകരം നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഉദ്യോഗസ്ഥനെ കായംകുളം മണ്ഡലത്തിൽ വരുന്ന മുതുകുളം ബ്ലോക്കിന്റെ മേൽനോട്ടാധികാരത്തിൽനിന്നും അടിയന്തിരമായി നീക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഗവൺമെന്റ് അനുവദിച്ച ഫ്ളഡ് റിലീഫ് വർക്കുകൾക്ക് ആവശ്യമായ നടപടിക്രമം പൂർത്തിയാക്കാൻ ഈ ഉദ്യോഗസ്ഥന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) മുതുകുളം ബ്ലോക്കിൽ വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി ലഭിച്ച 8 എസ്റ്റിമേറ്റുകൾ മുതുകുളം ബി.ഡി.ഒ. യുടെ 15.5.1999, 18.5.1999 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം ആലപ്പുഴ ഡി.ആർ.ഡി.എയിൽ ലഭിക്കുകയുണ്ടായി. ടി എസ്റ്റിമേറ്റുകൾ എല്ലാം തന്നെ നിലവിലുള്ള ഗ്രാവൽറോഡുകൾക്ക് പുതിയ ഫോർമേഷൻ ഉണ്ടാക്കി മെറ്റലിംഗും ടാറിംഗും നടത്തുന്നതിനുവേണ്ടിയുള്ളവയായിരുന്നു. റവന്യൂ വകുപ്പിന്റെ സർക്കുലർ പ്രകാരം പ്രകൃതിക്ഷോഭപദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ജോലികൾ ഏറ്റെടുത്ത് അനുവദനീയമല്ലാത്തതിനാൽ ടി ജോലികളുടെ എസ്റ്റിമേറ്റുകൾ അംഗീകരിച്ചുകൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് കായംകുളം എം.എൽ.എ.യുടെ നിവേദനം ഈ വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി)-(ഇ) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

25 (421) ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർ

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത്രാജ് നഗരപാലിക എന്നീ നിയമങ്ങളുടെ പരിധിയിൽ എന്തെല്ലാം ചുമതലകളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(ബി) കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന ഗ്രാമവികസനവകുപ്പ് ഉദ്യോഗസ്ഥർ ഏതെല്ലാം തസ്തികകളിൽപ്പെട്ടവരാണ്;

(സി) ഇവരുടെ ഭരണനിയന്ത്രണം റവന്യൂ വകുപ്പിനാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് തീരുമാനിക്കുന്ന എല്ലാ ചുമതലകളും ഗ്രാമപഞ്ചായത്തുകളിൽ ജോലിചെയ്യുന്ന ഗ്രാമവികസനവകുപ്പിലെ ഉദ്യോഗസ്ഥർ നിർവഹിക്കണം.

(ബി) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) -1
ഡിസ്ട്രിക്ട് വിമൻസ് വെൽഫെയർ ഓഫീസർ - 1
ജൂനിയർ സൂപ്രണ്ട് - 1
എൽ.ഡി./യു.ഡി. ക്ലാർക്ക് - 5
ടൈപ്പിസ്റ്റ് - 1
ഡ്രൈവർ - 1
പ്യൂൺ - 1

(സി) അല്ല. ഗ്രാമവികസന വകുപ്പിനാണ്.

26 (422) ഗ്രാമവികസന ഏജൻസിയിലെ അഴിമതി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ഗ്രാമവികസന ഏജൻസിയിൽ അഴിമതിയും ക്രമക്കേടുകളും നടന്നുവരുന്നതായി പരാതിയോ, റിപ്പോർട്ടോ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(സി) ജില്ലാ ഗ്രാമവികസന ഏജൻസിയുടെ പ്രോജക്ട് ഓഫീസറുടെയും മറ്റും പേരിൽ ഗവൺമെന്റ് വിജിലൻസ് അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) ഈ പ്രോജക്ട് ഓഫീസറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ആലപ്പുഴ ജില്ലാ ഗ്രാമവികസന ഏജൻസിയിലെ എഞ്ചിനീയർമാരെപ്പറ്റി സർക്കാരിന് ആക്ഷേപം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(എഫ്) ഈ എഞ്ചിനീയർമാരുടെ പേരിലുള്ള ആക്ഷേപങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടോ;

(ജി) ഡി.ആർ.ഡി.എ. യോഗത്തിന്റെ മിനിട്സ് തിരുത്തൽ, മൊബൈൽ ഫോൺ വാങ്ങൽ തുടങ്ങിയ കാര്യങ്ങളെപ്പറ്റി ഡി.ആർ.ഡി.എ.

LIBRARY ARCHIVES Kerala Legislative Assembly